**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **11-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പട്ടയ വിതരണ പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്നതാണ് പട്ടയമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തിൽ പട്ടയം നൽകുന്നതിനാണ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ മലയോര മേഖലകളിൽ പട്ടയ പ്രശ്നങ്ങൾ ക്രോഡീകരിച്ച് അവ പരിശോധിച്ചു വരുന്നതും പട്ടയം ലഭിക്കാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് താലൂക്ക് - വില്ലേജ് തലത്തിൽ നടപടികൾ നടന്നു വരുന്നതുമാണ്. |
| (ബി) | ഓരോ നൂറുദിന കർമ്മപദ്ധതികളിലും ലക്ഷ്യമിട്ടതും സാക്ഷാത്കരിച്ചതുമായ പട്ടയ വിതരണ വിശദാംശം അറിയിക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | പട്ടയ വിതരണത്തിന് നിയമ തടസ്സമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആവിഷ്കരിച്ചിരുന്നോ; വിശദമാക്കുമോ; | (സി) | സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്കു നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ |

| | | | |
|---|---|---|---|
| | | | പോർട്ടലായ പട്ടയം ഡാഷ് ബോർഡ് പ്രവർത്തിച്ച വരുന്നു. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം ഭൂമിയുടെ ലഭ്യത പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി സൂക്ഷിക്കുന്നതിനും പട്ടയ ഡാഷ് ബോർഡിലൂടെ സാധിക്കുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക ലാന്റ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്കും പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു. |
| (ഡി) | പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജിയർ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദവിവരങ്ങൾ നൽകുമോ; | (ഡി) | പട്ടയ മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനു പ്രത്യേക മാർഗ രേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. വിതരണം നടത്താവുന്ന പട്ടയങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടാർഗറ്റ് നിശ്ചയിച്ച അതിന്റെ പുരോഗതി ജില്ലാ കളക്ടർമാരുമായി അവലോകനം നടത്തിയും ലാന്റ് ട്രിബ്യൂണലുകളിൽ അവശേഷിക്കുന്ന LT പട്ടയങ്ങളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിനു സംസ്ഥാന ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ കർമ്മ പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കിയും വരുന്നുണ്ട്. |
| (ഇ) | വ്യാജരേഖകളും വ്യാജപട്ടയങ്ങളും തടയാൻ കഴിയുംവിധം ഇ-പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഇ) | ഉണ്ട്. നിലവിൽ സംസ്ഥാന ലാന്റ് ബോർഡിന്റെ കീഴിൽ വരുന്ന ലാന്റ് ട്രൈബ്യൂണൽ നൽകുന്ന ക്രയ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ പട്ടയമായാണ് നൽകി വരുന്നത്. LA പട്ടയങ്ങൾ ഡിജിറ്റലായി നൽകുന്നതിന് സോഫ്റ്റ് വെയർ ചെയ്യുന്നതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി റവന്യൂ IT സെൽ മുഖേന നടപടി സ്വീകരിച്ച വരുന്നുണ്ട്. |
| (എഫ്) | സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനരീതി വിശദമാക്കാമോ? | (എഫ്) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖലയിലുള്ളവർ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര |

| | | | |
|---|---|---|---|
| | | | പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയമിഷൻ ലക്ഷ്യം വയ്ക്കുന്നത്. 19.04.2023 തീയതിയിലെ സ.ഉ. (കൈ) 87/2023/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാത്തെ പട്ടയം മിഷൻ ഔദ്യോഗികമായി രൂപീകരിച്ച ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.87/2023/RD

"ഭരണഭാഷ- മാതൃഭാഷ" 

അനുബന്ധം – 2

കേരള സർക്കാർ

സംഗ്രഹം

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" - എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി - ദൗത്യം ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും **'പട്ടയ മിഷൻ'** രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എൽ) വകുപ്പ്

സ.ഉ.(കൈ) നം.87/2023/RD തീയതി,തിരുവനന്തപുരം, 19-04-2023

---

പരാമർശം:- ലാന്റ് റവന്യൂ കമ്മീഷണറുടെ 10.03.2023 തീയതിയിലെ എൽആർ/2061/2023-എൽആർ(ജെ11) നമ്പർ കത്ത്.

ഉത്തരവ്

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്"_ എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരഹിതർക്കും രേഖകളില്ലാതെ നിയമപരമായി ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുക എന്ന പ്രധാനപ്പെട്ട ദൗത്യം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് ഒരു 'പട്ടയ മിഷൻ' രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് കാണുകയുണ്ടായി. ഇതിനായി സംസ്ഥാന, ജില്ലാ, താലൂക്ക്, വില്ലേജ് കാര്യാലയങ്ങളിൽ ഇത്തരത്തിലുള്ള ഒരു പ്രത്യേക ദൗത്യസംഘത്തെ നിയോഗിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു നിർദ്ദേശം സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി.

മേൽ ആവശ്യ പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പരാമർശിത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. താഴെ പറയുന്ന ഘടനകളോടു കൂടിയ ഒരു പട്ടയ മിഷന് രൂപം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന നിരീക്ഷണ സമിതി
2. സംസ്ഥാന ദൗത്യ സംഘം
3. ജില്ലാ ദൗത്യ സംഘം
4. താലൂക്ക് ദൗത്യ സംഘം
5. വില്ലേജ്തല വിവരശേഖരണ സമിതി.

പട്ടയ മിഷന്റെ ഘടനയും ചുമതലകളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാന നിരീക്ഷണ സമിതി

ഘടന :

സെക്രട്ടറി, റവന്യൂ വകുപ്പ്(കൺവീനർ)
സെക്രട്ടറി, നിയമ വകുപ്പ് (അംഗം)
സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (അംഗം)
സെക്രട്ടറി, പൊതു മരാമത്ത് വകുപ്പ് (അംഗം)
സെക്രട്ടറി, വനം-വന്യജീവി വകുപ്പ് (അംഗം)
സെക്രട്ടറി, ജലവിഭവ വകുപ്പ് (അംഗം)
സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് (അംഗം)
സെക്രട്ടറി, ഫിഷറീസ് വകുപ്പ് (അംഗം)

ചുമതലകൾ

1.സംസ്ഥാന പട്ടയ മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും നിർദ്ദേശങ്ങൾ നൽകലും

2.വിവിധ വകുപ്പുകളുടെ അധീനതയിലുള്ള പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി ഏകോപിപ്പിക്കുക

3.വിവിധ വകുപ്പുകളുടെ കീഴ് ഘടകങ്ങളുടെ പ്രവർത്തനത്തിനുള്ള നിർദ്ദേശവും ഏകോപനവും

4.നിയമപരമായ പ്രശ്നങ്ങൾ ഉള്ള പട്ടയ അപേക്ഷകളിൽ ആവശ്യമായ നിയമ ഭേദഗതി ശുപാർശ ചെയ്യുക

5.വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ളതും ഉപയോഗത്തിലില്ലാത്തതുമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുക.

2. സംസ്ഥാന ദൗത്യ സംഘം

ഘടന :

ലാൻഡ് റവന്യൂ കമ്മിഷണർ (ചെയർപേഴ്സൺ)
ഡയറക്ടർ സർവ്വെ & ലാന്റ് റിക്കോർഡ്സ് (അംഗം)
സെക്രട്ടറി, ലാൻഡ് ബോർഡ് (കൺവീനർ)
ലോ ഓഫീസർ, ലാന്റ് ബോർഡ് (അംഗം)
അസിസ്റ്റന്റ് കമ്മിഷണർ (ഭൂപതിവ്) (അംഗം)

പട്ടയ മിഷന്റെ പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നതിനായി ഒരു സീനിയർ സുപ്രണ്ട്, രണ്ട് റവന്യൂ ഇൻസ്പെക്ടർമാർ, വില്ലേജ് തല പ്രവർത്തനങ്ങളിൽ പരിജ്ഞാനമുള്ള 3 സീനിയർ ക്ലാർക്ക് എന്നിവരെ ഉൾപ്പെടുത്തി ഒരു പ്രത്യേക ദൗത്യ സംഘത്തിനെ നിയോഗിക്കണം. പൂർണ്ണമായും പട്ടയ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മാത്രമായി വേണം

ഇവരെ നിയോഗിക്കേണ്ടത്. ലാന്റ് റവന്യു കമ്മീഷണറേറ്റിലെ പട്ടയ വിതരണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന (ജെ) വിഭാഗത്തിലെ ജീവനക്കാർ പട്ടയ മിഷൻ നേതൃത്വ സംഘത്തിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള വിവരങ്ങൾ നൽകേണ്ടതാണ്.

<u>ചുമതലകൾ</u>

1.പട്ടയ സോഫ്റ്റ് വെയറും, ഡാഷ് ബോർഡ് നാളതീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ഐ.റ്റി. സെല്ലുമായി ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുക.

2.ജില്ലകളിലെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തി പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക, ആയതിനുള്ള നിർദ്ദേശം നൽകുക.

3.സംസ്ഥാന തലത്തിലും എല്ലാ ജില്ലകൾക്കും പ്രത്യേകമായും ഓരോ മാസവും യോഗം ചേരേണ്ടതാണ്.

4.ജില്ലകളിൽ സന്ദർശനം നടത്തിയോ/ഓൺലൈൻ മുഖാന്തിരമോ യോഗങ്ങൾ നടത്തി സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടുക.

5.ആവശ്യമായ നിയമ/ചട്ടഭേദഗതി/നയ തീരുമാനങ്ങൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

6.അതാത് ജില്ലകൾക്ക് അവരുടെ രേഖാമുലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പട്ടയ ഫോമുകൾ നൽകുക.

7.ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകുക.

8.പട്ടയ വിതരണവുമായി ബന്ധപ്പെട്ട് എല്ലാ സർക്കാർ ഉത്തരവുകളും ക്രോഡീകരിച്ച് സോഫ്റ്റ് വെയറിൽ ലഭ്യമാക്കുക.

3. ജില്ലാ ദൗത്യ സംഘം

<u>ഘടന:</u>

ജില്ലാ കളക്ടർ (ചെയർപേഴ്സൺ)

ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്ക്കരണം) (കൺവീനർ)

സബ്കളക്ടർ/റവന്യു ഡിവിഷണൽ ഓഫീസർമാർ (അംഗങ്ങൾ)

ജില്ലാ ലോ ഓഫീസർ (അംഗം)

ലാൻഡ് ട്രിബ്യൂണൽ അദ്ധ്യക്ഷന്മാർ (അംഗങ്ങൾ)

തഹസിൽദാർമാർ (അംഗങ്ങൾ)

ജില്ലാ സർവ്വെ സൂപ്രണ്ടന്റ് (അംഗം)

ഒരു സീനിയർ/ജൂനിയർ സൂപ്രണ്ട്, 3 ക്ലാർക്കുമാർ എന്നിവർ ഉൾപ്പെട്ടതാകണം ജില്ലാതല ദൗത്യ സംഘം. പട്ടയമിഷൻ ചുമതലയുള്ള ക്ലാർക്ക് ഒഴികെയുള്ള ദൗത്യസംഘത്തിലെ മറ്റ് ജീവനക്കാർ അവരവരുടെ ചുമതലകൾക്ക് പുറമേയാണ് ഈ ജോലി നിർവ്വഹിക്കേണ്ടത്. താലൂക്കുകളിലെയും ഭൂപതിവ് സ്പെഷ്യൽ തഹസിൽദാർമാരുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടത്.

<u>ചുമതലകൾ</u>

1.ജില്ലകളിലെ പട്ടയ വിതരണത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2.പട്ടയ ഡാഷ് ബോർഡ് പട്ടയ വിതരണ ഡാഷ് ബോർഡ് എന്നിവയിൽ കാര്യ കാരണ സഹിതം വിവരങ്ങൾ കൃത്യമായി ഉൾചേർക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

3.എല്ലാ 2 ആഴ്ച കൂടുമ്പോഴും താലൂക്കുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന യോഗം നടത്തണം.

4.താലൂക്കുകൾക്ക് ആവശ്യമായ പരിശീലനം നൽകണം.

5.സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതല ദൗത്യ സംഘത്തിന്റെ ശ്രദ്ധയിൽ കൊണ്ട് വരിക. അത് പരിഹരിക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകുക. ആയതിന്റെ വിവരങ്ങൾ പട്ടയ ഇഷ്യു ഡാഷ് ബോർഡിൽ ഉൾപ്പെടുത്തുക.

6.ഇതു സംബന്ധിച്ച് മാസ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ലാൻഡ് റവന്യു കമ്മീഷണറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

7.ഓരോ നിയമസഭ മണ്ഡലാടിസ്ഥാനത്തിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. താലൂക്ക് ദൗത്യ സംഘം

<u>ഘടന:</u>

തഹസിൽദാർമാർ നേതൃത്വം നൽകുന്ന ദൗത്യസംഘത്തിൽ പട്ടയ വിഷയം കൈകാര്യം ചെയ്യുന്ന ഡെപ്യൂട്ടി തഹസിൽദാരും ഒരു ഹെഡ് സർവ്വേയറും ഒരു റവന്യൂ ഇൻസ്പെക്ടറും രണ്ട് ക്ലാർക്കും ഉൾപ്പെടണം. ഇതിൽ ഒരു ക്ലാർക്കിന് ദൗത്യ സംഘ പ്രവർത്തന ചുമതല മാത്രം നൽകേണ്ടതും ടി ക്ലാർക്ക് ഒഴികെയുള്ള ദൗത്യ സംഘത്തിലെ മറ്റ് ജീവനക്കാർക്ക് അവരവരുടെ സെക്ഷൻ ചുമതലകൾക്ക് പുറമേ ഈ ചുമതല നിർവ്വഹിക്കേണ്ടതുമാണ്. പട്ടയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഡെപ്യൂട്ടി തഹസിൽദാരായിരിക്കും താലൂക്ക് ദൗത്യസംഘത്തിന്റെ കൺവീനർ.

<u>ചുമതലകൾ</u>

1.പട്ടയം നൽകാനുള്ള പ്രവർത്തനങ്ങൾ കൃത്യമായി സംഘടിപ്പിക്കുക.

2.വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരവും താലൂക്കിലെ അവശേഷിക്കുന്ന പട്ടയ പ്രശ്നങ്ങളുടെ വിവരങ്ങളും കൃത്യമായി അതാത് ഡാഷ് ബോർഡിൽ ചേർക്കുക.

3.ഭൂപതിവ് കമ്മിറ്റികളുടെ യോഗം കൃത്യമായി വിളിച്ച് ചേർക്കുക.

4.പതിച്ച് നൽകാൻ നിശ്ചയിച്ച ഭൂമിയുടെ സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

5.പതിച്ചു നൽകിയ ഭൂമിയുടെ വിവരങ്ങൾ വില്ലേജ്/താലൂക്ക് സർവ്വെ റിക്കാർഡുകളിലും റെലീസ് സോഫ്റ്റ് വെയറിലും കൃത്യമായി ഉൾപ്പെടുത്തുക.

സ.ഉ.(കൈ) നം.87/2023/RD

താലൂക്ക്-തല പട്ടയ മിഷൻ ദൗത്യ സംഘരൂപീകരണം സംബന്ധിച്ചുള്ള ഉത്തരവ് അതാത് താലൂക്ക് തഹസിൽദാർമാരും ജില്ലാതല പട്ടയ മിഷൻ ദൗത്യ സംഘ രൂപീകരണം സംബന്ധിച്ചുള്ള ഉത്തരവ് അതാത് ജില്ലാ കളക്ടർമാരും പുറപ്പെടുവിക്കേണ്ടതാണ്. താലൂക്ക്തല പട്ടയ മിഷൻ ദൗത്യസംഘം രൂപീകരിച്ചിട്ടുണ്ട് എന്ന് അതാത് ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതും ടി ഉത്തരവ് അതാത് ഓഫീസിൽ നിന്നും ജില്ലാ കളക്ടർമാർ ക്രോഢീകരിക്കേണ്ടതുമാണ്. താലൂക്ക്, ജില്ലാതല പട്ടയ മിഷൻ ദൗത്യ സംഘ സെൽ രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയത്തിൽ ഓരോ മാസവും പത്താം തീയതിയ്ക്ക് മുമ്പായി ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാനതല പട്ടയ മിഷൻ ദൗത്യസംഘ രൂപീകരണം സംബന്ധിച്ച ഉത്തരവ് ലാൻഡ് റവന്യു കമ്മീഷണറേറ്റിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**5. വില്ലേജ് തല വിവര ശേഖരണ സമിതി**

ഘടന :

വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജ് തല ജനകീയ സമിതിയായിരിക്കും വില്ലേജ് തല വിവര ശേഖരണ സമിതി.

<u>ചുമതലകൾ</u>

പട്ടയമില്ലാത്ത കോളനികൾ കണ്ടെത്തുക, അർഹതയുണ്ടായിട്ടും പട്ടയത്തിന് അപേക്ഷ നൽകാത്തവരെ കണ്ടെത്തുക, വിതരണത്തിനാവശ്യമായ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുക, വില്ലേജ് പരിധിയിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തുക. എല്ലാ വില്ലേജ്തല ജനകീയ സമിതിയിലും പട്ടയമിഷൻ ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും സമിതിയിൽ അംഗങ്ങളായ ജന പ്രതിനിധികളിൽ നിന്നും പട്ടയ വിഷയങ്ങൾ ക്രോഡീകരിച്ച് താലൂക്ക് ദൗത്യ സംഘത്തിന് റിപ്പോർട്ട് ചെയ്യുക.

പട്ടയമിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾ 5475-00-800-77--01 (Plan) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മേരി ലാലി.സി.വൈ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ വകുപ്പ്
നിയമ വകുപ്പ്
റവന്യൂ(എഫ്) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്

സ.ഉ.(കൈ) നം.87/2023/RD

പൊതു മരാമത്ത് വകുപ്പ്
വനം-വന്യജീവി വകുപ്പ്
ജലവിഭവ വകുപ്പ്
പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
ഫിഷറീസ് വകുപ്പ്
എല്ലാ താലൂക്ക് തഹസിൽദാർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

അനുബന്ധം 1

| ക്രമ നം. | ജില്ല | ഒന്നാം നൂറു ദിന പരിപാടിയിൽ വിതരണം നടത്താൻ ലക്ഷ്യം വച്ചിരുന്ന പട്ടയങ്ങളുടെ എണ്ണം | ഒന്നാം നൂറു ദിന പരിപാടിയിൽ വിതരണം നടത്തിയ പട്ടയങ്ങളുടെ എണ്ണം | രണ്ടാം നൂറു ദിന പരിപാടിയിൽ വിതരണം നടത്താൻ ലക്ഷ്യം വച്ചിരുന്ന പട്ടയങ്ങളുടെ എണ്ണം | രണ്ടാം നൂറു ദിന പരിപാടിയിൽ വിതരണം നടത്തിയ പട്ടയങ്ങളുടെ എണ്ണം | മൂന്നാം നൂറു ദിന പരിപാടിയിൽ വിതരണം നടത്താൻ ലക്ഷ്യം വച്ചിരുന്ന പട്ടയങ്ങളുടെ എണ്ണം | മൂന്നാം നൂറു ദിന പരിപാടിയിൽ വിതരണം നടത്തിയ പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | | 52 | | 940 | 1810 | **1489** |
| 2 | കൊല്ലം | | 58 | | 1111 | 517 | **445** |
| 3 | പത്തനംതിട്ട | | 109 | | 264 | 278 | **161** |
| 4 | ആലപ്പുഴ | | 105 | | 530 | 709 | **408** |
| 5 | കോട്ടയം | | 74 | | 308 | 1778 | **756** |
| 6 | ഇടുക്കി | | 2423 | | 1248 | 3118 | **2788** |
| 7 | എറണാകുളം | | 530 | | 2447 | 1414 | **1015** |
| 8 | തൃശ്ശൂർ | | 3539 | | 7817 | 11704 | **11221** |
| 9 | പാലക്കാട് | | 1034 | | 6572 | 15530 | **17879** |
| 10 | മലപ്പുറം | | 2061 | | 8675 | 14372 | **12000** |
| 11 | കോഴിക്കോട് | | 1739 | | 4999 | 9924 | **8216** |
| 12 | വയനാട് | | 406 | | 1327 | 9736 | **2006** |
| 13 | കണ്ണൂർ | | 805 | | 3416 | 1334 | **7165** |
| 14 | കാസർകോട് | | 579 | | 1367 | 1923 | **1520** |
| | **ആകെ** | **10000** | **13514** | **40000** | **41021** | **74147** | **67069** |